**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തസ്വഭവ- എറണാകുളം ജില്ലയിലെ പള്ളിപ്പുറം ഗ്രാമപഞ്ചായത്തിൽ കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ കുടിവെള്ള വിതരണത്തിന് അധികമായി ചിലവായ തുക, ഗ്രാമപഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുപ്പിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡി സി) വകുപ്പ്**

സ.ഉ.(സാധാ) നം.**44/2026/LSGD** തീയതി,തിരുവനന്തപുരം, **05-01-2026**

---

പരാമർശം:-

1. **06/03/2023** ലെ സ.ഉ.(സസാധാ)**564/2023** ത.സ്വ.ഭ.വ. നമ്പർ ഉത്തരവ്.
2. **02/06/2023** ലെ സ.ഉ.(സാധാ)**1153/2023** ത.സ്വ.ഭ.വ. നമ്പർ ഉത്തരവ്.
3. **19/02/2024** ലെ സ.ഉ(സാധാ)**405/2024**/ത.സ്വ.ഭ.വ നമ്പർ ഉത്തരവ്.
4. **04.10.2025, 15.12.2025** എന്നീ തീയതികളിലെ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ **LSGD/PD/37618/2024-DPLC2** നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

എറണാകുളം ജില്ലയിലെ പള്ളിപ്പുറം ഗ്രാമ പഞ്ചായത്തിൽ കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ കുടിവെള്ള വിതരണത്തിന് **2023-24** വാർഷിക പദ്ധതിയിൽ സ്പിൽ ഓവർ ആയി ഉൾപ്പെടുത്തിയിട്ടുള്ള **(Pr. No. 147/24)** എന്ന പദ്ധതി പ്രകാരം ടാങ്കർലോറിയിൽ **01/04/2023** മുതൽ **31/05/2023** വരെ **3,82,200/-** രൂപയും **01/06/2023** മുതൽ **15/06/2023** വരെ **59,700/-** രൂപയും **16/06/2023** മുതൽ **18/02/2024** വരെ **10,62,600/-** രൂപയും **19/02/2024** മുതൽ **31/03/2024** വരെ **10,73,300/-** രൂപയും കുടിവെള്ള വിതരണം ചെയ്തതിന് ചെലവ് വന്നിട്ടുണ്ടെന്നും കുടിവെള്ളക്ഷാമം രൂക്ഷമായതിനാൽ **01/06/2023** മുതൽ **31/03/2024** വരെ കുടിവെള്ള വിതരണം നടത്തേണ്ടിവന്നുവെന്നും ആയതിന് **21,95,600/-** രൂപ ചെലവ് വന്നുവെന്നും പരാമർശിത സർക്കാർ ഉത്തരവിൽ അധികമായി **15,95,600/-** രൂപ ചെലവഴിക്കേണ്ടി വന്നുവെന്നും സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (4) പ്രകാരം അറിയിച്ചിട്ടുണ്ട്.

(2) എറണാകുളം ജില്ലയിലെ പള്ളിപ്പുറം ഗ്രാമ പഞ്ചായത്തിലെ വടക്കൻ മേഖലയിൽ ഉൾപ്പെട്ട 1,2,3,4,22 എന്നീ വാർഡുകളിൽ കുടിവെള്ളക്ഷാമം രൂക്ഷമാണെന്നും പഞ്ചായത്ത് മുഴുവനും ഉപ്പ് വെള്ളത്താൽ ചുറ്റപ്പെട്ട പ്രദേശമായതിനാൽ ജനങ്ങൾക്ക് ശുദ്ധജലം ലഭിക്കുന്നതിന് മറ്റ് മാർഗ്ഗങ്ങളൊന്നും ലഭ്യമല്ലാത്തതാണെന്നും Borewell കിണർ പോലുള്ള ജലസ്രോതസ്സുകളിൽ മഞ്ഞ കലർന്ന Hard Water ആണ് ഈ പ്രദേശങ്ങളിൽ ലഭിക്കുന്നതെന്നും ആയത് കുളിക്കുവാനോ വസ്ത്രം കഴുകുവാനോ പോലും ഉപയോഗിക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ ടാങ്കർലോറി വഴി കുടിവെള്ളവിതരണം നടത്തിയാണ് കുടിവെള്ളക്ഷാമത്തിന് പരിഹാരം കാണുന്നതെന്നും മേലിൽ യാതൊരു സാഹചര്യത്തിലും സർക്കാർ ഉത്തരവ് അധികരിച്ച് കുടിവെള്ള വിതരണം നടത്തുകയില്ല എന്നും സാധാരണക്കാരായ ജനങ്ങളുടെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് ടാങ്കർലോറിയിൽ കുടിവെള്ള വിതരണത്തിനായി കൂടുതൽ തുക ചെലവഴിച്ചിട്ടുള്ളതിന് സാധൂകരണം നൽകണമെന്നും സെക്രട്ടറി അഭ്യർത്ഥിച്ചിട്ടുണ്ട്. പള്ളിപ്പുറം ഗ്രാമ പഞ്ചായത്ത് തീരുമാനം, ഓരോ വാർഡിലും വിതരണം നടത്തിയ കുടിവെള്ളത്തിന്റെ അളവ് ചെലവായ തുക എന്നിവ സംബന്ധിച്ച് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ റിപ്പോർട്ട്, വാഹനത്തിന്റെ ടിപ്പ് ഷീറ്റ് ,ജിപിഎസ് രേഖകൾ സഹിതം ഏറണാകുളം ജില്ലാ ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. ഏറണാകുളം ജില്ലാ ജോയിന്റ് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ട് പ്രകാരവും സെക്രട്ടറി ലഭ്യമാക്കിയ അനുബന്ധരേഖകളുടെ അടിസ്ഥാനത്തിൽ പരാമർശിത സർക്കാർ ഉത്തരവിൽ അധികരിച്ച് കുടിവെള്ള വിതരണത്തിന് അധികമായി ചെലവായ 15,95,600/- രൂപ ഗ്രാമപഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നും ചെലവഴിച്ചതിനുള്ള സർക്കാർ സാധൂകരണം ലഭ്യമാക്കണമെന്നും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്ത് പരാമർശം (4) പ്രകാരം സമർപ്പിച്ചിട്ടുണ്ട്.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ടിന്റെയും പള്ളിപ്പുറം ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ റിപ്പോർട്ടുകളുടെയും അടിസ്ഥാനത്തിൽ, എറണാകുളം ജില്ലയിലെ പള്ളിപ്പുറം ഗ്രാമപഞ്ചായത്തിൽ കുടിവെള്ളക്ഷാമം രൂക്ഷമായതിനാൽ 16/06/2023 മുതൽ 18/02/2024 വരെ കുടിവെള്ള വിതരണം നടത്തിയതിനു ചെലവായ 10,62,600/- രൂപയും 19/02/2024 മുതൽ 31/03/2024 വരെയുള്ള കാലയളവിൽ സർക്കാർ ഉത്തരവിൽ അധികമായി ചെലവഴിച്ച 4,73,300/- രൂപയും ഉൾപ്പെടെ 15,35,900/- (പതിനഞ്ച് ലക്ഷത്തിൽ മുപ്പത്തിയയ്യായിരത്തി തൊള്ളയിരം രൂപ മാത്രം) രൂപ, ചിലവ് ആധികാരികത പള്ളിപ്പുറം ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഉറപ്പാകേണ്ടതാണെന്ന നിബന്ധനയോടെയും പരാമർശിത സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾക്ക് വിധേയമായും തുക ഗ്രാമപഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് പള്ളിപ്പുറം ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

രാമനാഥ് ജി
ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
സെക്രട്ടറി, പള്ളിപ്പുറം ഗ്രാമ പഞ്ചായത്ത് ,എറണാകുളം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് 1/ആഡിറ്റ് 2) കേരള, തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).
കരുതൽ ഫയൽ/ഓഫിസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
Signed by
Shaija R M
സെക്ഷൻ ഓഫീസർ
Date: 06-01-2026 10:30:23